**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2235** **13-09-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ആളുമാറി അറസ്റ്റ് ചെയ്ത സംഭവത്തിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാലക്കാട് എൺപത് വയസുള്ള സ്ത്രീയെ ആളുമാറി അറസ്റ്റ് ചെയ്ത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നമ്പർ 496/1998 U/s 447, 294(b), 427 IPC കേസ്സിലെ യഥാർത്ഥ പ്രതി തന്റെ മേൽ വിലാസം മറച്ചു വെച്ച് തെറ്റായി ഭാരതി @ ഭാരതിയമ്മ വയസ്സ് 48/98, D/o (Late) ബാലകൃഷ്ണൻ നായർ, മഠത്തിൽ വീട്, വടക്കേത്തറ, കുനിശ്ശേരി, ആലത്തൂർ എന്നിവരുടെ മേൽ വിലാസം നൽകുകയും തുടർന്ന് എൺപതു വയസ്സുള്ള ടി ഭാരതി അമ്മ വിചാരണ നേരിടുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് പാലക്കാട് ജില്ലാ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ പോലീസിന് ഗുരുതര വീഴ്ച സംഭവിച്ചു എന്നത് വസ്തുതയാണോ; | (ബി) | പ്രസ്തുത സംഭവം കൈകാര്യം ചെയ്തതിൽ പോലീസുദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (സി) | പാലക്കാട് ജില്ലാ ക്രൈംബ്രാഞ്ച് DySP പ്രസ്തുത സംഭവം സംബന്ധിച്ച് നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ SCPO രാജേന്ദ്രനെതിരെ വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. എച്ച്.സി അരുണാചലം കെ. , DysP വി.വി. മണികണ്ഠകുമാർ, എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള പോലീസ് മേധാവിയുടെ ശിപാർശ പരിശോധനയിലാണ്.<br><br>പ്രസ്തുത സംഭവത്തിലെ യഥാർത്ഥ പ്രതി പോലീസിന് തെറ്റായ മേൽവിലാസം നൽകിയ സംഭവത്തിന് യഥാർത്ഥ പ്രതിക്കെതിരെ U/s 177 IPC പ്രകാരം നടപടി എടുക്കുന്നതിന് പാലക്കാട് ടൗൺ സൗത്ത് പോലീസ് ഇൻസ്പെക്ടർക്ക് ജില്ലാ പോലീസ് മേധാവി |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. 177 IPC പ്രകാരമുള്ള കുറ്റം Non Congnizable Offence ആയിരുന്നതിനാൽ ബഹു.JFCM കോടതി - III മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്ന സമയത്തും വാറണ്ട്/ ഡിറ്റൻഷൻ നടത്തുന്ന സമയത്തും മറ്റും പ്രതികളെ തിരിച്ചറിയുന്നതിനായി അവരുടെ തിരിച്ചറിയൽ രേഖകൾ നിർബന്ധമായും പരിശോധിക്കേണ്ടതും യഥാർത്ഥ വ്യക്തിയെയാണ് അറസ്റ്റ് ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതിനും ഇക്കാര്യത്തിൽ അറസ്റ്റ് നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ അതീവ ജാഗ്രതയും ശ്രദ്ധയും ചെലുത്തേണ്ടതാണെന്നും യഥാർത്ഥ പ്രതിക്ക് പകരം അതേ പേരിലുള്ള നിരപരാധിയായ മറ്റൊരാൾ വിചാരണ നേരിടുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല എന്നും ഇക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പ് പ്രത്യേക ജാഗ്രത പുലർത്തണമെന്നും സംസ്ഥാന പോലീസ് മേധാവി D2-152645/ 2023/PHQ പ്രകാരം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ